₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 11

May 2021

pages 24

"ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; എന്നോടു കൃപയുണ്ടാകേണമേ; ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു"

(സങ്കീർത്തനങ്ങൾ 57:1)

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 9 Issue 11 May 2021 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.
**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 113**


## ഉള്ളടക്കം


| | പേജ് |
|---|---|
| • കൊറോണയും കോമാളിത്തരങ്ങളും | 3 |
| • പ്രതികരണങ്ങൾ | 5 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (9) | 7 |
| • ജോൺഹസ്സ് (2) | 11 |
| • പുതിയനിയമത്തിലൂടെ....(17) | 14 |
| • പരിശുദ്ധാത്മാവ് (36) | 17 |
| • യോവേൽ (22) | 20 |
| • ഒരു വെടിക്ക് പല പക്ഷികൾ | 22 |
| • മദ്യം വാങ്ങാൻ അകലം മറന്നു | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കൊറോണയും കോമാളിത്തരങ്ങളും

കൊറോണയെ ചെറുക്കാനും പ്രതിരോധിക്കാനും ഗവൺമെന്റും പോലീസും ആരോഗ്യപ്രവർത്തകരും നന്നായി ഉത്സാഹിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. പക്ഷേ തിരഞ്ഞെടുപ്പ് വന്നപ്പോൾ ഇവരെല്ലാം നോക്കുകുത്തികളായി മാറി. രാഷ്ട്രീയപാർട്ടികൾ എല്ലാവരും അവനവന്റെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി കൊറോണയെ അവഗണിച്ചു. സാമൂഹിക അകലം വേണ്ട, റോഡ് ഷോ ആകാം, കൂട്ടം കൂടൽ ആകാം... തിരഞ്ഞെടുപ്പ് അവസാനിച്ചാൽ കൊറോണ പടർന്നുപന്തലിക്കും എന്നു അരിഭക്ഷണം കഴിക്കുന്ന എല്ലാവർക്കും അറിയാവുന്ന കാര്യമായിരുന്നു.

കേന്ദ്രനേതാക്കളടക്കം എല്ലാവരും കോവിഡ്പ്രോട്ടോക്കോൾ തെറ്റിച്ച് പെരുമാറുകയും യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കോവിഡ്പ്രോട്ടോക്കോൾ തെറ്റിക്കുന്നവരെ ഉപദേശിക്കുകയും അതിന്റെ വീഡിയോ എടുത്ത് സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്ന പോലീസുകാർ, കോവിഡ്പ്രോട്ടോക്കോൾ തെറ്റിക്കുന്നവരെ അടിക്കുകയും ചീത്തവിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത് അതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്ന പോലീസുകാർ, കോവിഡിനെതിരെ അമ്പരിപ്പിക്കുന്ന കണക്കുകളും പ്രതിരോധമാർഗ്ഗങ്ങളും എണ്ണിയെണ്ണിപ്പറഞ്ഞ് വീഡിയോ ഇട്ടിരുന്ന ആരോഗ്യപ്രവർത്തകർ.... ഇലക്ഷൻ വന്നപ്പോൾ ഇവരെയൊന്നും കാണാനില്ലായിരുന്നു!

ഇലക്ഷൻ കഴിഞ്ഞതോടുകൂടി കൊറോണ പടർന്നു. പല നേതാക്കന്മാരും കോവിഡ് പോസിറ്റീവ് ആയി. വീണ്ടും കൊറോണയെ ചെറുക്കാൻ ഗവൺമെന്റ് മുന്നിട്ടിറങ്ങി. ആദ്യം തന്നെ ട്യൂഷൻ സെന്ററുകൾ പൂട്ടിച്ചു. ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡറിൽ ആദ്യത്തേത്, ട്യൂഷൻ സെന്ററുകൾ അടച്ചുപൂട്ടണം എന്നുള്ളതായിരുന്നു. എന്തൊരു ജാഗ്രത! എസ്. എസ്. എൽ. സി പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ട്യൂഷൻ സെന്ററുകൾ അടച്ചുപൂട്ടാൻ ഉത്തരവായത് എന്നത് മറ്റൊരു തമാശ. നിരവധി പേരുടെ കഞ്ഞിയിൽ കല്ലുവാരിയിടുന്ന തീരുമാനമാണ് ഇതെന്നു അവരാരും ചിന്തിച്ചില്ല.

പോലീസ് വീണ്ടും ഇറങ്ങി. പരിശോധന. ഫൈൻ. ചീത്തപറയൽ. ഉപദേശിക്കൽ. ഭീഷണിപ്പെടുത്തൽ. അവർക്ക് മാസംതോറും ശമ്പളം കൃത്യമായി കിട്ടും എന്നുള്ളതിനാൽ മറ്റുള്ളവരുടെ നെഞ്ചത്ത് കേറാൻ ആവേശം കാണിക്കാമല്ലോ. ഒരു കടയിൽ നിന്നുകൊണ്ട് മാസ്ക് മാറ്റി ജ്യൂസ് കുടിച്ചുകൊണ്ടിരുന്ന ഒരു യുവാവിന് ഫൈൻ! 500 രൂപ. സാർ, മാസ്ക് മാറ്റാതെ എങ്ങനെയാണ് ജ്യൂസ് കുടിക്കുക എന്നു ആ യുവാവ് ചോദിച്ചുനോക്കിയെങ്കിലും, നിശ്ചിത ടാർഗറ്റ് മുട്ടിക്കാനായി ഇറങ്ങിയ പോലീസേമാന്മാർ അത് ചെവിക്കൊണ്ടില്ല. ജ്യൂസ് കുടിച്ചവൻ 250 രൂപയും കടയുടമ 250 രൂപയും, അങ്ങനെ ആകെ 500 രൂപ ഫൈൻ അടയ്ക്കേണ്ടിവന്നു.

എന്തൊരു ആത്മാർത്ഥത! എന്തൊരു ജാഗ്രത! പക്ഷേ എന്നെപ്പോലെയുള്ള പൊതുജനം ഇതിനെ അത്ര ആത്മാർത്ഥതയുള്ളതായി കാണില്ല. കാരണം ഇലക്ഷൻ സമയത്ത് കൊറോണവ്യാപനം ഉണ്ടാകും എന്നറിഞ്ഞിട്ടും യാതൊരു നിയന്ത്രണവും ഇല്ലാതെ റോഡ്ഷോയും മറ്റു ശക്തിപ്രകടനങ്ങളും അനുവദിക്കുകയും ചെയ്തിട്ട്, ഇപ്പോൾ സാധാരണക്കാരായ പൊതുജനത്തിന്റെ നെഞ്ചത്ത് കേറി താണ്ഡവനൃത്തം ചവിട്ടുന്നതിൽ എന്തു മാന്യതയാണുള്ളത്? എന്തു ആത്മാർത്ഥതയാണുള്ളത്?

സാമൂഹികഅകലം പാലിക്കണമത്രേ! ബസ്സിൽ ഒരു സീറ്റിൽ ഒരുമിച്ച് ഇരുന്ന് യാത്ര ചെയ്ത് വരുന്ന ആളുകൾ ഓഫീസിൽ എത്തുമ്പോൾ സാമൂഹിക അകലം പാലിക്കുന്നത് നല്ല തമാശ തന്നെ. സർവകലാശാലകൾ മാറ്റേണ്ടി വന്നു. കടകളുടെയും മറ്റും പ്രവർത്തനസമയം വെട്ടിക്കുറക്കേണ്ടി വന്നു. ട്യൂഷൻ സെന്ററുകൾ പോലെയുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വന്നു. എത്ര പേരുടെ സ്വപ്നങ്ങളുടെ ചിറകാണ് അറ്റുപോയത്?! ഇലക്ഷൻ സമയത്ത് രാഷ്ട്രീയക്കാരുടെ വിവേകമില്ലാത്ത പെരുമാറ്റം മൂലം കഷ്ടപ്പെടേണ്ടി വന്നവരുടെ ലിസ്റ്റ് വലിയതാണ്.

കോവിഡിനെതിരെ നാളിതുവരെ നടന്നിട്ടുള്ള ക്രിയാത്മകമായ ചെറുത്തുനിൽപ്പുകളെ ഞാൻ കനം കുറച്ചുകാണുന്നില്ല. ആത്മാർത്ഥമായി ഓടി നടന്ന് പ്രവർത്തിച്ച ആരോഗ്യപ്രവർത്തകരെയും പോലീസുകാരെയും അകമഴിഞ്ഞ് അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ ഇലക്ഷൻ വന്നപ്പോഴുണ്ടായ നിഷ്ക്രിയത്വത്തെയാണ് ഞാൻ വിമർശിക്കുന്നത്. അതുമൂലം എത്ര പേർ ദുരിതമനുഭവിക്കേണ്ടി വന്നു എന്ന സത്യത്തിലേക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത്. രാഷ്ട്രീയക്കാർ പുറത്തിറങ്ങി കാണിച്ചുകൂട്ടിയ ഷോ നിമിത്തം ഇന്ന് പാവങ്ങളായവർക്ക് പുറത്തിറങ്ങാൻ കഴിയാതെയായി. ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയക്കാരും ഏകമനോഭാവം കാണിച്ചു. ഈ ഏകമനോഭാവം രാജ്യത്തിന്റെ ഗുണകരമായ കാര്യങ്ങൾക്കുവേണ്ടി കാണിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**

**ഫോൺ: 95 44 557 557**

## James C J, Kothamangalam, Ernakulam

*റിയൽ ലൈഫ് വോയ്സ്* ചെറുതെങ്കിലും ആസ്വാദ്യകരമായ ഒരു ആത്മികവിഭവമാണ്. മിക്കവാറും ഒറ്റ ഇരുപ്പിൽ ഞാൻ അത് ആസ്വദിക്കാറുണ്ട്. എങ്കിലും മാസിക ക്രമമായി ലഭിക്കാറില്ല എന്നൊരു വിഷമമുണ്ട്. എന്താണ് കാരണം എന്നറിഞ്ഞുകൂടാ. മാസികയെയും അതിന്റെ പ്രസാധകരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## Dr. Johnson C Philip, Editor, 'Verpad' Magazine

*റിയൽ ലൈഫ് വോയ്സ്* എല്ലാ പ്രാവശ്യവും അയയ്ക്കുന്നതിന് നന്ദി. ഞാൻ അത് വളരെയധികം ആസ്വദിക്കുന്നു. ഒരു മാസിക പ്രസിദ്ധീകരിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള ജോലിയാണ്. പക്ഷേ പലർക്കും ഇത് അറിഞ്ഞുകൂടാ. ഞാനും ഡോ. സനീഷ് ചെറിയാനും കൂടി *വേർപാട്* മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. അതുകൊണ്ട് മാസികാപ്രസിദ്ധീകരണത്തിലുള്ള വലിയ വെല്ലുവിളികൾ എത്രയെന്നു ഞങ്ങൾക്ക് നന്നായി അറിയാം.

## Joy C Moses, Akkikavu, Thrissur

ഏപ്രിൽമാസത്തെ മാസിക ലഭിച്ചു. *തൃശ്ശൂരിലെ താരപ്പേട്ടൻ* എന്ന ലേഖനത്തിൽ രണ്ടു അക്ഷരത്തെറ്റുകൾ ഉണ്ടായിരുന്നു. സുവിശേഷം എന്നതിനു സുവിഷം എന്നും പെങ്ങാമുക്ക് എന്നതിനു പകരം പെഞ്ഞാമുക്ക് എന്നുമാണ് കൊടുത്തിരുന്നത്. **(എഡിറ്റർ: അക്ഷരത്തെറ്റുകൾ ഒഴിവാക്കാൻ പരമാവധി ശ്രമിക്കുന്നതാണ്)**

*ഇമ്മാനുവിന്റെ സംശയങ്ങൾ* വളരെ നന്നായിരുന്നു. ഇപ്പോഴും പല വിശ്വാസികളും ഇതുപോലുള്ള അന്ധവിശ്വാസങ്ങൾ വച്ചുപുലർത്തുന്നവരാണ്. "ആരും മുടക്കിയില്ലെങ്കിലും വ്യാഴം മുടക്കും" എന്നു പറഞ്ഞ് വ്യാഴാഴ്ച വിവാഹം നടത്താത്തവർ ഉണ്ട്. എന്നാൽ എന്റെയും എന്റെ സഹോദരന്റെയും വിവാഹം വ്യാഴാഴ്ച ആയിരുന്നു. ആരും മുടക്കിയില്ല. ദൈവത്തിനു സ്തോത്രം. വിശ്വാസികൾ ദൈവവചനത്തിനു പ്രാധാന്യം കൊടുത്തു ജീവിക്കുവാൻ ഇടയാകട്ടെ.

**Johnson Kulangara, Angamaly, Ernakulam**

ഏപ്രിൽമാസത്തിലെ മാസിക ലഭിച്ചു. സാധാരണ ചെയ്യുന്നതുപോലെ ഒറ്റയിരുപ്പിൽത്തന്നെ വായിച്ചു. എഡിറ്റോറിയൽ തുടങ്ങി എല്ലാം നന്നായിരിക്കുന്നു. പ്രത്യേകിച്ച് ജോൺഹസ്സിനെക്കുറിച്ചുള്ള ചരിത്രം വളരെ വിജ്ഞാനപ്രദം ആണ്. എല്ലാം ഒന്നിനൊന്നു മെച്ചം. കർത്താവ് അനുഗ്രഹിക്കട്ടെ.


**www.reallifevoice.in**

1. **വിശ്വാസവും സ്നാനവും:** ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. **മഹാകവി കെ. വി. സൈമൺ**
3. **ഖുർആൻ:** ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
4. **തിരുവട്ടാർ കൃഷ്ണൻകുട്ടി:** പ്രസംഗപീഠത്തിലെ ബാലസിംഹം
5. **പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ**
6. **സത്യം തേടിയുള്ള അന്വേഷണം**
7. **ഓബദ്യാവ്** (പുസ്തകപഠനം)
8. **മൂലഭാഷകളുടെ സൗന്ദര്യം**
9. **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (എന്റെ ഡയറിക്കുറിപ്പുകൾ)
10. **ഇമ്മാനുവിന്റെ സംശയങ്ങൾ**
11. **ചോദ്യവും ഉത്തരവും** (സംശയങ്ങൾക്കുള്ള മറുപടി)
12. **തലമുറകൾ**
13. **മൂപ്പൻ**
14. **കുടുംബജീവിതം**
15. **മീഖാ** (പുസ്തകപഠനം)
16. **സഭ** (സൺഡേസ്കൂൾ പാഠങ്ങൾ)

**എം. വി. സെബാസ്റ്റ്യൻ രചിച്ച ഈ പുസ്തകങ്ങളെല്ലാം നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് സന്ദർശിക്കുക.**


## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്.

**(എഡിറ്റർ)**

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

9

**-എംവിഎസ്-**

> **സി.വി.താരപ്പൻ (1886-1958):** **'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

**മുതലാളിസഭയും തൊഴിലാളിസഭയും**

സി. വി. താരപ്പൻ, തെക്കേക്കര ചാക്കുണ്ണി എന്നീ രണ്ടു കൂട്ടുകാർ സത്യങ്ങൾ മനസ്സിലാക്കിയത് ഒരുമിച്ച്... യാക്കോബായസഭ വിട്ട് പുറത്തേക്ക് വന്നത് ഒരുമിച്ച്... സ്നാനപ്പെട്ടത് ഒരേ ദിവസം... പ്രവർത്തിച്ചത് ഒരുമിച്ച്... പക്ഷേ...

അവർ വേർപിരിഞ്ഞു. അവർ മുഖാന്തരം രൂപം കൊണ്ട സഭകളും പിളർന്നു. നെടുകെ പിളർന്നു എന്നു പറയാൻ സാധിക്കില്ല. കാരണം ഭൂരിഭാഗം പേരും ചാക്കുണ്ണിസഹോദരനോടൊപ്പമായിരുന്നു. ഈ പിളർപ്പ് പിന്നീടൊരിക്കലും കൂടിച്ചേർന്നില്ല. അത് എക്കാലവും പിളർന്നുതന്നെ നിന്നു.

താരപ്പേട്ടൻ സാമ്പത്തികമായി ഒന്നുമില്ലാത്തവനായിരുന്നു. ചാക്കുണ്ണ്യേട്ടൻ സാമ്പത്തികമായി നല്ല നിലയിലും! പിളർപ്പു സംഭവിച്ചപ്പോൾ സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവർ ചാക്കുണ്ണിസഹോദരനോടൊപ്പവും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ താരപ്പൻസഹോദരനോടൊപ്പവും ആയി! അതുകൊണ്ട്, യാക്കോബായസഭയെ ഉപേക്ഷിച്ച് മുന്നേറിയ താരപ്പൻ -ചാക്കുണ്ണി സഹോദരസഖ്യം പിളർന്നപ്പോൾ ഉണ്ടായ രണ്ടു ഗ്രൂപ്പുകളെ സമൂഹം കളിയാക്കി വിളിക്കാൻ തുടങ്ങി - മുതലാളിസഭയും, തൊഴിലാളിസഭയും!

**പിളർപ്പിനെപ്പറ്റി ആത്മകഥയിൽ**

സി. വി. താരപ്പന്റെ *എന്റെ അനുഭവം* എന്ന ആത്മകഥയിൽ പിളർപ്പിനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്:

> കെ. സി. ഉക്രു സഹോദരന്റെ അരയിൽ ഒരു വെള്ളിച്ചരട് ഉണ്ടെന്ന് ആരോ ഒരാളിൽനിന്നു കേൾക്കുകയും അത് സഭയിൽ വച്ച് ചോദി

ക്കുവാൻ ആരംഭിക്കുകയും കാര്യം തീരുമാനിക്കുകയും ചെയ്യുന്നതിനുമുമ്പെ വറിയത് സഹോദരൻ സഭയിൽനിന്നു പിരിഞ്ഞുപോകുകയുമാണ് ഉണ്ടായത്. അദ്ദേഹം പിരിഞ്ഞുപോയതിനുശേഷം താനും അനുഗാമികളുംകൂടി പ്രവർത്തിച്ച് തുടങ്ങി. അവരും വർദ്ധിച്ചു. ഇപ്പോൾ രണ്ടു കൂട്ടമായി തീർന്നിരിക്കുന്നു.

**ക്രിസ്തീയസഭയും ക്രിസ്തീയസഭാകൂടാരവും**

തെക്കേക്കര ചാക്കുണ്ണിസഹോദരന്റെ കൂടെയുള്ളവർ ക്രിസ്തീയസഭ എന്നു അറിയപ്പെടാൻ തുടങ്ങി. താരപ്പൻസഹോദരന്റെ കൂടെയുള്ളവർ ക്രിസ്തീയസഭാകൂടാരം എന്നും അറിയപ്പെടാൻ തുടങ്ങി. രണ്ടു ഗ്രൂപ്പുകളും സുവിശേഷപ്രവർത്തനരംഗത്ത് ശുഷ്കാന്തിയോടെ പ്രവർത്തിച്ചു. സഭകൾ വർദ്ധിച്ചു. പണക്കാരുടെ സഭ, പട്ടിണിക്കാരുടെ സഭ എന്നിങ്ങനെയുള്ള സമൂഹത്തിന്റെ പരിഹാസം രണ്ടു കൂട്ടരും കണ്ടില്ലെന്നു നടിച്ചു. അതിനെയെല്ലാം അവഗണിച്ചുകൊണ്ടു തന്നെ അവർ മുന്നേറി.

**ചേറുവും ചുമ്മാരും**

താരപ്പേട്ടന്റെ ഒപ്പം അവസാനം വരെ വിശ്വസ്തനായി നിന്ന വ്യക്തിയാണ് കെ. ഒ. ചേറു. അദ്ദേഹത്തിന്റെ അനുജനാണ് ചുമ്മാർ. താരപ്പൻ സഹോദരൻ വിവാഹം കഴിച്ചിരുന്നില്ല. തെക്കേക്കര ചാക്കുണ്ണിസഹോദരനാകട്ടെ വിവാഹിതനായിരുന്നു. അദ്ദേഹത്തിന് രണ്ടു പെൺമക്കളാണ് ഉണ്ടായിരുന്നത്. അവരുടെ പേര് കുഞ്ഞാറം, പൂനം എന്നിങ്ങനെയായിരുന്നു. ഇതിൽ കുഞ്ഞാറത്തെ വിവാഹം ചെയ്തത് ചുമ്മാർ ആയിരുന്നു. പിളർപ്പ് സംഭവിച്ചപ്പോൾ ജ്യേഷ്ഠനായ ചേറുവും അനുജനായ ചുമ്മാരും രണ്ടു ചേരിയിലായി. താരപ്പേട്ടന്റെ വിശ്വസ്തനായി ചേറു തുടർന്നപ്പോൾ, ചുമ്മാർ ചാക്കുണ്ണ്യേട്ടന്റെ വിശ്വസ്തനായിരുന്നു.

**സഭകളുടെ ഇന്നത്തെ അവസ്ഥ**

താരപ്പനും ചാക്കുണ്ണിയും രണ്ടു വ്യത്യസ്ത ഗ്രൂപ്പുകളായി വേർതിരിഞ്ഞുവെങ്കിലും അവരുടെ പ്രവർത്തനങ്ങൾ മൂലം നിരവധി സ്ഥലങ്ങളിൽ സഭാകൂടിവരവുകളുണ്ടായി. ഇന്ന് ആ സഭകളുടെ അവസ്ഥ എന്താണ് എന്നറിയാനുള്ള കൗതുകം സ്വാഭാവികമാണ്. താരപ്പേട്ടന്റെ പ്രവർത്തനം മൂലം ഉണ്ടായ സഭകളൊന്നും ഇന്നു നിലവിലില്ല. ചിലയിടങ്ങളിൽ സഭാഹാളുകൾ നാശോന്മുഖമായി നിൽക്കുന്നുണ്ട് എന്നു മാത്രം. കൂടിവരാൻ ആരുമില്ല.

തെക്കേക്കര ചാക്കുണ്ണ്യേട്ടന്റെ ഒപ്പം നിന്ന സഭകളിൽ മൂന്ന് എണ്ണം മാത്രം ഇന്ന് നിലവിലുണ്ട്. തൃശ്ശൂർ ലാലൂരിലെ ക്രിസ്തുസഭയാണ് അതിലൊന്ന്.

മറ്റു രണ്ടെണ്ണം ചിറയ്ക്കൽ, കാഞ്ഞിരത്തിങ്കൽ എന്നിവിടങ്ങളിലാണുള്ളത്. താരപ്പേട്ടനോടൊപ്പം വിശ്വസ്തതയോടെ നിലനിന്ന കെ. ഒ. ചേറുവിന്റെ രണ്ടു മക്കളിൽ ഒരാളായ കെ. സി. കൊച്ചുക്രു (74 വയസ്സ്) ഇന്ന് ബ്രദറൺസഭയിലും, കെ. സി. ഇറ്റ്യാനം (82 വയസ്സ്) ചാക്കുണ്ണ്യേട്ടന്റെ ഗ്രൂപ്പിൽപ്പെട്ട ക്രിസ്തീയസഭയിലും പോകുന്നു.

**കൊച്ചുക്രുസാറും, ഇറ്റ്യാനംടീച്ചറും**

താരപ്പേട്ടന്റെ പേരിൽ അറിയപ്പെടുന്ന ഹാളുകളുടെയും സെമിത്തേരികളുടെയും കാര്യത്തിൽ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കാൻ അധികാരമുള്ള, ഇന്നു ജീവിച്ചിരിപ്പുള്ള രണ്ടേ രണ്ടു വ്യക്തികളാണിവർ – കൊച്ചുക്രു, ഇറ്റ്യാനം (കെ. ഒ. ചേറുവിന്റെ മക്കൾ). ഇവരുടെ ജീവിതകാലത്ത് ഈ വസ്തുവകകൾ സംബന്ധിച്ച് നിർണ്ണായകമായ തീരുമാനങ്ങൾ ഇവർ എടുക്കുന്നില്ലായെങ്കിൽ, കുറച്ചുകൂടി വർഷങ്ങൾ പിന്നിടുമ്പോൾ ഈ ഹാളുകളും സെമിത്തേരികളും എല്ലാം അവകാശികളില്ലാതെ കുറുക്കൻമടകളും പാമ്പുംകാവുകളും ആയി മാറുമെന്നത് തീർച്ചയാണ്. ഉണർന്നു പ്രവർത്തിക്കാനും ഉറച്ച തീരുമാനങ്ങളെടുക്കാനും ദൈവം അവരെ രണ്ടു പേരെയും സഹായിക്കട്ടെ.

**താരശോഭയോടെ താരപ്പൻ**

തെക്കേക്കരഗ്രൂപ്പിൽപ്പെട്ട സഭകൾ പോലും ഇന്ന് താരപ്പനെക്കുറിച്ച് ഏറ്റവും ബഹുമാനത്തോടെ സംസാരിക്കുന്നു. തൃശ്ശൂർ ലാലൂരിലെ ക്രിസ്തുസഭ, അവരെ താരപ്പൻസഭ എന്നു മറ്റുള്ളവർ വിളിക്കുന്നതിൽ അഭിമാനം കൊള്ളുന്നു. താരപ്പേട്ടന്റെ ആത്മകഥ അവരുടെ ജീവധ്വനി മാസികയിൽ അവർ പ്രസിദ്ധീകരിച്ചു. ചിറയ്ക്കൽ ക്രിസ്തീയസഭയിലെ ബ്രദർ ജെയ്സൻ ജോബ് താരപ്പേട്ടന്റെ ഗാനങ്ങൾ ആവേശത്തോടെ പാടുന്നു. അവരെല്ലാം സംസാരിക്കുന്നത് താരപ്പേട്ടനെപ്പറ്റി! അവരുടെ കൺവൻഷനുകളിൽ താരപ്പേട്ടന്റെ പാട്ടുകൾ അവർ മതിമറന്നു പാടുന്നു!

അവരാരും സ്വന്തം ലീഡറായിരുന്ന തെക്കേക്കര ചാക്കുണ്ണ്യേട്ടനെപ്പറ്റിയല്ല സംസാരിക്കുന്നത്. പറയുന്നതും എഴുതുന്നതും എല്ലാം എതിർചേരിയിലെ നേതാവായ താരപ്പേട്ടനെപ്പറ്റി മാത്രം! എന്തുകൊണ്ട്? എബനേസർപ്രസ്സിന്റെ ഉടമകളിൽ ഒരാളും, ലാലൂരിലെ ക്രിസ്തുസഭയിലെ അംഗവുമായ ബ്രദർ ജെയിംസ് ടി. എഫ് അതിനു പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു:

> ചാക്കുണ്ണ്യേട്ടൻ പണക്കാരനായിരുന്നു. സ്വന്തമായി ബസ്സുകളും പെട്രോൾപമ്പും ഉണ്ടായിരുന്ന വ്യക്തി. അദ്ദേഹം നല്ല ഔദാര്യശീലനായിരുന്നു. സുവിശേഷവേലയും നന്നായി ചെയ്തു. താരപ്പേട്ടൻ പക്ഷേ എല്ലാം ചെയ്തത് ഇല്ലായ്മയുടെ മധ്യത്തിൽ നിന്നായിരുന്നു.

താരപ്പേട്ടനോടൊപ്പമുണ്ടായിരുന്ന ശ്രീ. കെ. സി. വർഗ്ഗീസിന്റെ മകനായ ഡോ. കെ. വി. സൈമൺ എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞത് താഴെ കൊടുക്കുന്നു.

> ചാക്കുണ്ണ്യേട്ടൻ വളരെ സജീവമായി ആത്മികമേഖലയിൽ നില കൊണ്ടു എങ്കിലും അദ്ദേഹത്തിന്റെ കോൺട്രിബ്യൂഷൻസ് (contributions) താരതമ്യേന കുറവായിരുന്നു. അദ്ദേഹം താരപ്പേട്ട നെപ്പോലെ പുസ്തകങ്ങൾ എഴുതുകയോ പാട്ടുകൾ എഴുതുകയോ ചെയ്തില്ല. താരപ്പേട്ടനാകട്ടെ, എന്തു പ്രസംഗിച്ചുവോ അതുപോലെ ത്തന്നെ അദ്ദേഹം ജീവിച്ചു കാണിച്ചു.

**ക്രിസ്തുവിലുള്ള ഭാവം വച്ചുപുലർത്തിയ ഭക്തൻ**

“ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ” എന്നു ഫിലിപ്പിയർ 2:5 ൽ നാം കാണുന്നുണ്ട്. ക്രിസ്തുയേശുവിലുള്ള ഭാവ ത്തോടെ ഇവിടെ പലരും ജീവിച്ചിട്ടുണ്ട്. ഇപ്പോൾ പലരും ജീവിക്കുന്നുമു ണ്ട്. അവസാനം വരെ ആ ഭാവം വച്ചുപുലർത്തുക എന്നതു വലിയൊരു വെല്ലുവിളി തന്നെയാണ്.

“ക്രിസ്തുവിലുള്ള ഭാവത്തോടെ കൂടെ ഈ ഭൂമിയിൽ ജീവിച്ചിട്ടുള്ള ഒരു വ്യക്തിയുടെ പേര് പറയാമോ?” ഒരാൾ ഫോണിലൂടെ ബ്രദർ ടി. എഫ്. ജെയിംസിനോട് (എബനേസർ പ്രസ്സ്, തൃശ്ശൂർ) ചോദിച്ച ചോദ്യമാണിത്. അധികമൊന്നും ആലോചിക്കാതെ അദ്ദേഹം മറുപടി പറഞ്ഞു: സി. വി. താരപ്പൻ. അദ്ദേഹത്തിന്റെ ന്യായീകരണം ഇപ്രകാരമായിരുന്നു:

> താരപ്പേട്ടൻ തീർച്ചയായും ക്രിസ്തുവിലുള്ള ഭാവത്തോടെത്തന്നെ യാണ് ജീവിച്ചിട്ടുള്ളത്. താഴ്മ അദ്ദേഹത്തിനുണ്ടായിരുന്നു. സ്വന്ത മായി ഒരു പേര് പണിതുയർത്താൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടി ല്ല. മാത്രമല്ല അദ്ദേഹം സമത്വവാദിയായിരുന്നു. ധനവാൻ, ദരിദ്രൻ എന്നിങ്ങനെയുള്ള വേർതിരിവ് സഭയിൽ യാതൊരു കാരണവശാലും അദ്ദേഹം അനുവദിക്കുമായിരുന്നില്ല.

അതാണ് സി. വി. താരപ്പൻ – തൃശ്ശൂരിലെ താരപ്പേട്ടൻ! തന്റെ ത്യാഗോ ജ്ജ്വലമായ ജീവിതം കൊണ്ട് മറ്റു വിശ്വാസികളുടെ മനം കവർന്ന വ്യക്തി! മറുചേരിയിൽപ്പെട്ട ആളുകൾപോലും ആവേശത്തോടെയും അഭിമാന ത്തോടെയും താരപ്പേട്ടനെക്കുറിച്ചു സംസാരിക്കുന്നു. ജീവിതാവസാനം വരെ ലളിതവും മാതൃകാപരവുമായ ജീവിതം നയിച്ച ക്രിസ്തുഭക്തൻ! പ്രസംഗവും ജീവിതവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ യെന്ന് തന്റെ സ്വന്തം അനുഭവത്തിലൂടെ തെളിയിച്ച വ്യക്തി.

**(തുടരും)**

# ജോൺ ഹസ്സ് (1369-1415)

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)**

*1369 ൽ ബൊഹീമിയായിലെ ഒരു ദരിദ്ര കർഷകകുടുംബത്തിൽ ജനനം. ജോൺ വിക്ലിഫിന്റെ ആശയങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചു. സഭ എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയ സുദീർഘമായ ലേഖനം ആളുകളെ ആകർഷിച്ചു. മാർപ്പാപ്പയുടെ വിലക്ക്. വിസ്താരത്തിനായി ജർമ്മനിയിലെ കോൺസ്റ്റാൻസ് എന്ന സ്ഥലത്തെത്താൻ ഉത്തരവ്. അറസ്റ്റ് ചെയ്യില്ലെന്നു ഉറപ്പു കൊടുത്തിരുന്നു. പക്ഷേ വിസ്താരത്തിനെത്തിയ ഹസ്സിനെ അറസ്റ്റ് ചെയ്തു...* തുടർന്നു വായിക്കുക

**ജയിലിൽ അടയ്ക്കുന്നു**

സഭ എന്ന തന്റെ ലേഖനത്തിൽ സഭയുടെ തലവൻ യേശുക്രിസ്തു മാത്രമാണെന്നും അറിവില്ലായ്മ മൂലവും പണക്കൊതി മൂലവും പല തെറ്റുകളും ചെയ്തു പോകാനിടയുള്ള സഭാമേധാവിക്ക് (മാർപ്പാപ്പയ്ക്ക്) സഭയുടെ തല എന്ന യേശുക്രിസ്തുവിനു മാത്രമുള്ള പദവി (കൊലൊസ്യർ 1:18) ഒരിക്കലുമില്ല എന്നു അനേകരെ പഠിപ്പിച്ച ജോൺഹസ്സിനെ എങ്ങനെയെങ്കിലും നിശബ്ദനാക്കുക എന്ന ലക്ഷ്യത്തിൽ സഭാധികാരികൾ ഉറച്ചുനിന്നു. അനേകം നാളുകൾ ജയിലിൽ ഇട്ടു പീഡിപ്പിച്ച ശേഷം 1414 നവംബർ മാസത്തിൽ കോൺസ്റ്റൻസിൽ കൂടിയ കൗൺസിലിന് (സൂനഹദോസ്) മുമ്പാകെ ഹസ്സിനെ ഹാജരാക്കി.

**ഉറച്ച മനസ്സോടെ**

താൻ എന്തു വിശ്വസിച്ചു, എന്തുകൊണ്ടു വിശ്വസിച്ചു എന്നു വിശദീകരിക്കാനുള്ള അനുവാദം അധികാരികൾ അദ്ദേഹത്തിനു നൽകിയില്ല. “നിങ്ങൾ വിശ്വസിച്ചതും പഠിപ്പിച്ചതുമെല്ലാം തെറ്റായിപ്പോയി എന്നു സമ്മതിക്കാനും അവ പിൻവലിക്കാനും തയ്യാറുണ്ടോ?” എന്ന ചോദ്യം മാത്രമാണ് അവർ അദ്ദേഹത്തോടു ചോദിച്ചത്. ചങ്ങലയാൽ ബന്ധിക്കപ്പെട്ട തടവുകാരനായിട്ടാണ് അദ്ദേഹത്തിന് അവരുടെ മുമ്പിൽ നിൽക്കേണ്ടി വന്നത്. നീതിപൂർവ്വമായ വിസ്താരം തനിക്കു ലഭ്യമല്ല എന്നു വ്യക്തമായപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

സമ്പൂർണ്ണ നീതിമാനും സർവ്വശക്തനുമായ യേശുക്രിസ്തു എന്ന ഏകന്യായാധിപന്റെ മുമ്പാകെ എന്റെ ന്യായം ഞാൻ ബോധിപ്പിക്കുന്നു. കള്ളസാക്ഷികളെ വിശ്വസിക്കുകയും തെറ്റുകൾ ചെയ്തു പോവുകയും ചെയ്യുന്ന സൂന്നഹദോസിനെയല്ല, പിന്നെയോ കർത്താവായ യേശുക്രിസ്തുവിന്റെ കരങ്ങളിലേക്കു തന്നെ എന്റെ കാര്യം ഞാൻ സമർപ്പിക്കുന്നു.

ഈ വാക്കുകൾ അദ്ദേഹം പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹത്തെ വീണ്ടും ജയിൽമുറിയിലേക്കു കൊണ്ടുപോയി. ചിതയൊരുക്കി തൂണിനോടു ചേർത്തു കെട്ടി നിറുത്തിയിട്ട് തീയിൽ ദഹിപ്പിച്ചു കൊല്ലുക എന്ന കൊടുംക്രൂരതയിൽനിന്ന് അദ്ദേഹത്തെ രക്ഷിക്കാനാഗ്രഹിച്ച പലരും ജയിലിൽ എത്തി അധികൃതരുടെ അനുവാദം വാങ്ങി അദ്ദേഹത്തോടു സംസാരിച്ചു. ജീവരക്ഷയ്ക്കായി, വിശ്വാസം തെറ്റായിപ്പോയി എന്നു പറയാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. പക്ഷേ ഹസ്സിന്റെ മനസ്സാക്ഷി അദ്ദേഹത്തെ അതിനു സമ്മതിച്ചില്ല. അദ്ദേഹം തന്റെ വിശ്വാസത്തിൽത്തന്നെ ഉറച്ചുനിന്നു.

**ചിതയുടെ അടുത്തേക്ക്...**

അധികാരികൾ ഹസ്സിനുവേണ്ടി ചിതയൊരുക്കി. നിശ്ചിത ദിവസം അതായത് 1415 ജൂലായ് 6-ാം തീയതി അദ്ദേഹത്തെ ആദ്യം കത്തീഡ്രലിലേക്ക് കൊണ്ടുപോയി. അവിടെവെച്ച് പുരോഹിതവസ്ത്രങ്ങൾ ഒന്നൊന്നായി ധരിപ്പിച്ചു. അതിനുശേഷം പൗരോഹിത്യത്തിനു നീ തികച്ചും അയോഗ്യനായിത്തീർന്നിരിക്കുന്നു എന്നും പറഞ്ഞ് ആ വസ്ത്രങ്ങൾ ഓരോന്നായി അഴിച്ചുമാറ്റി. കത്തീഡ്രലിൽനിന്നും ചിതയുടെ അടുത്തേക്ക് അദ്ദേഹത്തെ കൊണ്ടുപോയി. അതിന്റെ മദ്ധ്യത്തിലെ തൂണിനോടു ചേർത്തു അദ്ദേഹത്തെ കെട്ടി നിർത്തിയ ശേഷം, വിശ്വാസം തെറ്റായിപ്പോയി, അതു പിൻവലിക്കുന്നു എന്നു പറയാൻ തയ്യാറുണ്ടോ എന്നുള്ള ആരാച്ചാരുടെ അവസാനചോദ്യം വന്നു. എന്റെ വിശ്വാസത്തിൽ ഞാൻ ഉറച്ചുനിൽക്കുന്നു എന്നു ഹസ്സ് മറുപടി പറഞ്ഞപ്പോൾ അയാൾ തീ കൊളുത്തി.

**തീ കൊളുത്തിയപ്പോൾ...**

അഗ്നി ജ്വലിക്കുവാൻ തുടങ്ങി. "കർത്താവായ യേശുവേ, തിരുനാമത്തിന്റെ മഹത്വത്തിനായി ഈ ക്രൂരമായ മരണം ക്ഷമയോടെ ഞാൻ സഹിക്കുന്നു. എന്റെ ശത്രുക്കളോടു കരുണ തോന്നേണമേ" എന്നു അദ്ദേഹം പ്രാർത്ഥിച്ചു. അഗ്നിനാളങ്ങൾ അദ്ദേഹത്തെ വിഴുങ്ങിക്കൊണ്ടിരുന്നപ്പോൾ, നേരത്തെ മനഃപ്പാഠമാക്കിയിരുന്ന ആശ്വാസസങ്കീർത്തനങ്ങളിലെ വാക്യങ്ങൾ അദ്ദേഹം ഉച്ചരിക്കുന്നത് ആ ഭീകരരംഗത്തിനു സാക്ഷ്യം വഹിച്ചവർക്കു കേൾക്കാൻ കഴിഞ്ഞു.

**ചിതാഭസ്മം തടാകത്തിലേക്ക്**

മനഃസാക്ഷിയെ വഞ്ചിക്കാതെ സത്യം വിശ്വസിക്കുകയും സത്യം സംസാരിക്കുകയും ചെയ്ത കർത്താവിന്റെ വിശ്വസ്ത ദാസനായിരുന്ന ജോൺഹസ്സിനെ തീയിൽ ദഹിപ്പിച്ചു കൊന്നവർ വെണ്ണീറായിത്തീർന്ന അദ്ദേഹത്തിന്റെ ശരീരം ഈ ഭൂമിയിൽ ഒരിടത്തും യാതൊരു അവസ്ഥയിലും കാണപ്പെടരുതെന്നു ആഗ്രഹിച്ചു. ചിതാഭസ്മം മുഴുവൻ അവർ ശേഖരിച്ച് ഒരു തടാകത്തിൽ കൊണ്ടുപോയി വിതറി. അങ്ങനെ അവർ അദ്ദേഹത്തെ ഈ ഭൂമിയിൽനിന്നും സമ്പൂർണ്ണമായിത്തന്നെ അപ്രത്യക്ഷനാക്കി.

**തീയിൽ വെന്തുരുകിയ മണ്ണുമായി...**

ജോൺഹസ്സിന്റെ ഉറ്റ സ്നേഹിതന്മാരിൽ ചിലർ ബൊഹീമിയായിൽനിന്നു കോൺസ്റ്റാൻസിലേക്കു വന്നിരുന്നു. ഒന്നും ചെയ്യാനാവാതെ കണ്ണീരൊഴുക്കിക്കൊണ്ട് ഹസ്സിന്റെ ചിതയുടെ അല്പമകലെ അവർ നിന്നിരുന്നു. വധശിക്ഷ നടപ്പിലാക്കിയവർ ചിതാഭസ്മം മുഴുവൻ വാരിയെടുത്ത് കൊണ്ടുപോയിക്കഴിഞ്ഞ ശേഷം അവിടെ ശേഷിച്ച, തീയിൽ വെന്തുരുകിയ മണ്ണ് അവർ ചുരണ്ടിയെടുത്ത് ശേഖരിച്ചിട്ട് ബൊഹീമിയായിലേക്ക് കൊണ്ടുപോയി. തങ്ങളുടെ ഉറ്റ സ്നേഹിതനോട് സഭയുടെ അധികാരികളും ജർമ്മൻ ചക്രവർത്തിയും ചേർന്ന് കാണിച്ച കൊടുംക്രൂരത അവർ അനേകർക്കു വിവരിച്ചുകൊടുത്തു.

**ആളിക്കത്തിയ നവീകരണാഗ്നി**

ഹസ്സിന്റെ ചിതയിൽനിന്നുയർന്ന തീനാളങ്ങളുടെ പ്രകാശം ഒരിക്കലും മങ്ങാത്ത സത്യത്തിന്റെ പ്രകാശമായി രൂപാന്തരപ്പെട്ടു. സത്യം മനസ്സിലാക്കാനും സത്യത്തിന്റെ സാക്ഷികളാകാനും ബൊഹീമിയക്കാരിൽ പലരും ആഗ്രഹിച്ചു. ഒരു നൂറ്റാണ്ടു കഴിഞ്ഞ് ജർമ്മനിയിലെ വിറ്റൻബർഗ് പള്ളിയുടെ കത്തീഡ്രലിന്റെ വാതിലിന്മേൽ പാപമോചനചീട്ടിന്റെ പിന്നിലെ വഞ്ചന തുറന്നു കാട്ടുന്ന 95 ന്യായങ്ങൾ രേഖപ്പെടുത്തിയ ഫലകം മാർട്ടിൻ ലൂഥർ പതിച്ചുവച്ചതിനെത്തുടർന്ന് യൂറോപ്പിലെങ്ങും ആളിക്കത്തിയ നവീകരണാഗ്നി അന്ധവിശ്വാസങ്ങളെയും ഭോഷ്കുകളെയും ദഹിപ്പിച്ചുകൊണ്ട് സത്യത്തെ സ്നേഹിക്കുന്നവരുടെ ഹൃദയങ്ങളെ എക്കാലത്തും ശോഭായമാനമാക്കിക്കൊണ്ട് എന്നെന്നും നിലനിൽക്കും.

ജോൺഹസ്സിന്റെ ശരീരത്തെ സമ്പൂർണ്ണമായിത്തന്നെ അപ്രത്യക്ഷമാക്കുന്നതിൽ സത്യത്തിന്റെ എതിരാളികൾക്ക് വിജയം ലഭിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ചിതയിൽനിന്നു ബഹിർഗ്ഗമിച്ച സത്യത്തിന്റെ പ്രകാശം സത്യത്തെ സ്നേഹിക്കുന്ന സകലരുടെയും ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന കെടാവിളക്കായി എന്നെന്നും ശോഭിക്കും.

# 17 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**മൂന്നാം ഭാഗം: മൃഗങ്ങൾ**

പുതിയനിയമത്തിൽ കഴുതയെക്കുറിച്ചു പറയുന്ന വാക്യങ്ങളാണ് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിക്കാനായി തുടങ്ങിയത്. (1) കഴുതയും ഹോശന്നായും, (2) കഴുതയും ശബ്ബത്തും, (3) കഴുതയും ബിലെയാമും എന്നീ മൂന്നു തലക്കെട്ടുകളിലായി വിഭജിച്ചാണ് നാം അത് ചിന്തിക്കുന്നത്. ഇതിൽ ആദ്യത്തേത് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചുവല്ലോ. ബാക്കി തുടരാം:

**കഴുതയും ശബ്ബത്തും:** "കപടഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശബ്ബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽനിന്നു അഴിച്ചു കൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ?" (ലൂക്കൊസ് 13:15). ഈ ചോദ്യത്തിൽ പള്ളിപ്രമാണിയെയും കൂട്ടാളികളെയുമാണ് "കപടഭക്തിക്കാരേ" എന്നു കർത്താവ് വിളിച്ചത്. പതിനെട്ടു വർഷങ്ങളായി ഒട്ടും നിവരാൻ കഴിയാതെ കൂനിയായി കഴിഞ്ഞിരുന്ന ഒരു യെഹൂദസ്ത്രീയെ കർത്താവ് സൗഖ്യമാക്കിയതാണ് സന്ദർഭം. ഒട്ടും നിവരാൻ കഴിയാതെ കഴിഞ്ഞിരുന്ന ആ പാവം സ്ത്രീ "ക്ഷണത്തിൽ നിവർന്നു" (13:13). (ഇതാണ് അത്ഭുതരോഗസൗഖ്യം; അല്ലാതെ, ഇന്നു ടിവിയിലും മറ്റും കാണുന്നപോലെ പ്രാർത്ഥിച്ച്, പ്രാർത്ഥിച്ച്... പതുക്കെ, പതുക്കെ... കുറെശ്ശെയായി.... ഇങ്ങനെയല്ല അത്ഭുതരോഗസൗഖ്യം.)

(1) മനുഷ്യസ്നേഹമില്ലാത്ത മൃഗസ്നേഹികൾ: 18 വർഷമായി ഒട്ടും നിവരാൻ കഴിയാതിരുന്ന ആ സാധുവായ സ്ത്രീ ക്ഷണത്തിൽ നിവരുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തപ്പോൾ, അതിൽ അത്ഭുതപ്പെടുകയും സന്തോഷിക്കുകയും ചെയ്യാതെ തങ്ങളുടെ അനിഷ്ടം വെളിപ്പെടുത്തുന്ന പള്ളിപ്രമാണിയും കൂട്ടരും! അതേ സമയം, ശബ്ബത്തിൽ അവരുടെ കാളയെയും കഴുതയെയും കുറിച്ച് അവർ ചിന്തയുള്ളവരാണ്. കാളയുടെയും കഴുതയുടെയും ആവശ്യങ്ങൾ ശബ്ബത്തായാലും നടത്തിക്കൊടുക്കാൻ മടി കാണിക്കാത്ത ഇവർ, കർത്താവ് ഒരു സ്ത്രീക്ക് ശബ്ബത്തിൽ സൗഖ്യം കൊടുത്തപ്പോൾ പ്രതിഷേധിച്ചിരിക്കുന്നു! ആ സ്ത്രീയേക്കാൾ വലുതാണോ കാളയും കഴുതയും? മനുഷ്യനേക്കാൾ വലുതാണോ മൃഗങ്ങൾ?

ഇന്നും നമ്മുടെ സമൂഹത്തിൽ ഇത്തരക്കാരുണ്ട്. മനുഷ്യനേക്കാൾ മൃഗങ്ങൾക്ക് മൂല്യം കൊടുക്കുന്നവർ. മൃഗങ്ങളുടെ പേരിൽ മനുഷ്യരെ കൊല്ലാൻ ഇക്കൂട്ടർക്കു മടിയില്ല. മനുഷ്യർ കൊല ചെയ്യപ്പെട്ടാൽ ഇക്കൂട്ടർ മൗനവ്രതത്തിലാകും; ഏതെങ്കിലും മൃഗമെങ്ങാനും കൊല ചെയ്യപ്പെട്ടാൽ ഇവർ സംഹാരമൂർത്തിയായി അവതരിക്കും. പശു, പട്ടി, ആന, സിംഹവാലൻകുരങ്ങ്, പാമ്പ്, വരയാട്, കടുവ എന്നിവയ്ക്കെല്ലാം വേണ്ടി ഘോരഘോരം വാദിക്കാൻ ഇവിടെ ആളുകളുണ്ട്. ഇവയുടെ സംരക്ഷണത്തിനുവേണ്ടി മനുഷ്യരെ നിർബന്ധമായി ഒഴിപ്പിച്ചെടുക്കാൻ നമ്മുടെ നാട്ടിൽ നിയമവുമുണ്ട്. നാട്ടിലിറങ്ങി ഭീതി വിതയ്ക്കുന്ന പുലിയെ പ്രാണരക്ഷാർത്ഥം കൊന്നാൽ, കൊന്നവൻ അറസ്റ്റ് ചെയ്യപ്പെടുന്ന നാടാണ് നമ്മുടേത്!

ഇതേ മനോഭാവം തന്നെയാണ് പള്ളിപ്രമാണിയും കാണിച്ചത്. മനുഷ്യനേക്കാൾ കഴുതയ്ക്കും കാളയ്ക്കും വില കല്പിക്കുന്നവൻ! മൃഗസ്നേഹം നല്ലതാണ്; പക്ഷേ അത് മനുഷ്യസ്നേഹത്തേക്കാൾ വലുതാകരുത്. നമ്മുടെ സമൂഹത്തെയോ, കുടുംബത്തെയോ, രാഷ്ട്രത്തെയോ വാർത്തെടുക്കുന്നതും നിലനിർത്തുന്നതും മൃഗങ്ങളല്ല, മനുഷ്യരാണ്. നമ്മുടെ സമൂഹം ഇത് തിരിച്ചറിയാത്തതു നിമിത്തം എത്രയോ കൊലപാതകങ്ങളും, കേസുകളും മൃഗങ്ങളുടെ പേരിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു?!

(2) വചനവ്യാഖ്യാനം നടത്തുന്ന കപടഭക്തിക്കാർ: യേശു സൗഖ്യമാക്കുന്നതിനോടു വിരോധമില്ലെന്നും എന്നാൽ അത് ശബ്ബത്തിൽ പാടില്ലെന്നുമാണ് പള്ളിപ്രമാണി പറഞ്ഞത്. എന്നാൽ സ്വന്തം കാളയുടെയും കഴുതയുടെയും കാര്യം വരുമ്പോൾ ശബ്ബത്ത് ബാധകമല്ലതാനും. ഇതാണ് കപടഭക്തി. കർത്താവ് "കപടഭക്തിക്കാരേ" എന്നു അവരെ വിളിച്ചത് വെറുതെയല്ല. അവരുടെ കാപട്യം ആ സംസാരത്തിലുണ്ട്: "വേല ചെയ്‌വാൻ ആറു ദിവസമുണ്ടല്ലോ; അതിന്നകം വന്നു സൗഖ്യം വരുത്തിച്ചുകൊൾവിൻ; ശബ്ബത്തിൽ അരുത് എന്നു പറഞ്ഞു" (13:15).

തിരുവെഴുത്തിലെ ശബ്ബത്ത് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പള്ളിപ്രമാണി സംസാരിച്ചത്. വർത്തമാനത്തിൽ ആകെക്കൂടി ഒരു ആത്മികപരിവേഷം! യേശു സൗഖ്യമാക്കിക്കൊള്ളട്ടെ; പക്ഷേ ശബ്ബത്തിൽ അരുത്. ഇപ്പറഞ്ഞതിൽ ഒരു കുറ്റം വാസ്തവത്തിൽ നമുക്ക് കാണാനൊക്കുന്നില്ല. എന്നാൽ അയാൾ കപടഭക്തിക്കാരനാണെന്ന് കർത്താവ് വിധിയെഴുതി. ശബ്ബത്തിനെക്കുറിച്ചുള്ള അയാളുടെ വചനവ്യാഖ്യാനം സ്വന്തം മൃഗങ്ങളുടെ കാര്യം വരുമ്പോൾ അയാൾ മനഃപൂർവ്വം മറക്കുന്നു. ഇതാണ് കപടഭക്തി. വചനം ഘോരഘോരം പഠിപ്പിക്കുന്ന പലരും സ്വന്തം കാര്യം വരുമ്പോൾ താൻ തന്നെ പഠിപ്പിച്ച വചനം മറന്നുപോകുന്നു. അങ്ങനെ അവർ കപടഭക്തിക്കാർ എന്നു സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്നു.

കർത്താവിന്റെ ഒരു കാര്യം നോക്കണേ: അന്ന് ആ സ്ത്രീയെ സൗഖ്യമാക്കാതെ പിറ്റെ ദിവസമാണ് സൗഖ്യമാക്കിയിരുന്നതെങ്കിൽ, ഈ ശബ്ബത്തിന്റെ പേരിലുള്ള കുറ്റാരോപണം കേൾക്കേണ്ടിവരില്ലായിരുന്നു. പക്ഷേ അവരുടെ കപടഭക്തിയെ പൊളിച്ചടുക്കുവാൻ തീരുമാനിച്ച കർത്താവ് അന്ന് തന്നെ അവളെ സൗഖ്യമാക്കി!

ഇതോടുള്ള ബന്ധത്തിൽ മറ്റൊരു സംഭവം കൂടി ലൂക്കൊസ് രേഖപ്പെടുത്തുന്നുണ്ട്. ഒരു ശബ്ബത്തിൽ കർത്താവ് മഹോദരമുള്ള ഒരു മനുഷ്യനെ സൗഖ്യമാക്കിയതാണ് ആ സംഭവം (14:1-6). വയറിൽ വെള്ളം നിറഞ്ഞ് നീരു വന്ന് വയറ് വീർത്ത് കഷ്ടപ്പെടുന്ന ഒരു പാവം മനുഷ്യനായിരുന്നു സുഖം പ്രാപിച്ചത്. (മഹോദരം = വലിയ ഉദരം, വലിയ വയർ). "നിങ്ങളിൽ ഒരുത്തന്റെ കഴുതയോ കാളയോ കിണറ്റിൽ വീണാൽ ക്ഷണത്തിൽ വലിച്ചെടുക്കയില്ലയോ" എന്നായിരുന്നു കർത്താവ് അന്നേരം അവരോടു ചോദിച്ചത് (14;4).

മലയാളം ബൈബിളിൽ (സത്യവേദപുസ്തകത്തിൽ) കഴുതയ്ക്ക് പകരം മകൻ എന്നാണ് കൊടുത്തിരിക്കുന്നത്. "നിങ്ങളിൽ ഒരുത്തന്റെ മകനോ കാളയോ..." എന്നിങ്ങനെയാണ് ആ വാചകം രേഖപ്പെടുത്തിയിരിക്കുന്നത്. ഇംഗ്ലീഷ് ബൈബിളുകളായ KJV, NKJV, ASV എന്നിവയിൽ കഴുത എന്നും, RSV, NIV എന്നിവയിൽ മകൻ എന്നും കാണുന്നു. മൂലഭാഷയിൽ ചില കയ്യെഴുത്തുപ്രതികളിൽ മകനും മറ്റു ചിലതിൽ കഴുതയും ആണത്രേ. എന്തുകൊണ്ട് ഇങ്ങനെ ഒരു വ്യത്യാസം വന്നു എന്നു ചിന്തിച്ചു തല ചൂടാക്കേണ്ടതില്ല. അതു കഴുതയായാലും മകനായാലും അവിടെ കർത്താവ് പറയാൻ ഉദ്ദേശിച്ച കാര്യങ്ങളെ അവ യാതൊരു വിധത്തിലും ബാധിക്കുന്നില്ല. എങ്കിലും ലൂക്കൊസ് 13-ാം അദ്ധ്യായത്തിലെ കാളയും കഴുതയും എന്ന പ്രയോഗം തന്നെ ഇവിടെയും വരാനാണ് സാധ്യത. ഇക്കാര്യം സംബന്ധിച്ച് ഒരു തർക്കത്തിനില്ല. ഒരു അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ.

ഈ ചിന്തകളെ ഇങ്ങനെ ഉപസംഹരിക്കാം: മനുഷ്യനേക്കാൾ വില മൃഗങ്ങൾക്ക് കൊടുക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കേണ്ട ഗതികേട് നമുക്ക് വന്നിരിക്കുന്നത് ഓർത്ത് നെടുവീർപ്പിടാം. സ്വന്തം കാര്യം വരുമ്പോൾ താൻ പഠിപ്പിച്ചത് അപ്പാടെ വിഴുങ്ങുന്ന കപടഭക്തിക്കാർ നമ്മുടെ ഇടയിലുണ്ട് എന്നു ദു:ഖത്തോടെ ഓർക്കാം. അത്തരം കപടഭക്തിക്കാർ ആകാതിരിക്കാൻ നമുക്കു ജാഗ്രത പുലർത്താം. **(തുടരും)**

visit our website
**www.reallifevoice.in**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

36

**വിശ്വാസിയും പരിശുദ്ധാത്മാവും**

പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ ഒരു വിശ്വാസി ശ്രദ്ധിക്കേണ്ട നാലു കാര്യങ്ങളാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

1. ആത്മാവിനെ അനുസരിച്ചുനടപ്പിൻ (ഗലാത്യർ 5:16)

2. ആത്മാവിൽ നിറയുവിൻ (എഫെസ്യർ 5:15-21)

**3. ആത്മാവിനെ ദുഃഖിപ്പിക്കരുത്** (എഫെസ്യർ 4:30)

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എന്നു പ്രസ്താവിച്ചതിലൂടെ, പരിശുദ്ധാത്മാവ് വെറുമൊരു ശക്തിയല്ലെന്നും വ്യക്തി കൂടിയാണെന്നും തെളിയുന്നുണ്ടല്ലോ. പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എന്നത് ഒരു മുന്നറിയിപ്പാണ്. ഈ മുന്നറിയിപ്പ് അവഗണിച്ചാൽ അപകടമാണ്. കാരണം യെശയ്യാവ് 63:10 ൽ നാം ഇപ്രകാരം വായിക്കുന്നു: ''എന്നാൽ അവർ മത്സരിച്ചു അവന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു; അതുകൊണ്ട് അവൻ അവർക്കു ശത്രുവായ്തീർന്നു.''

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എന്നു പറയുന്നതിന്റെ കാരണവും ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. ''അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്'' (എഫെ.4:30). അതായത്, നമ്മെ സീൽ (seal) ചെയ്തിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. ആർക്കും മായിച്ചുകളയാനോ വികൃതമാക്കാനോ കഴിയാത്ത മുദ്രയാണത്. അതുകൊണ്ട് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്.

**പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന സന്ദർഭങ്ങൾ**

പല കാര്യങ്ങളിലൂടെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാൻ കഴിയും. എന്നാൽ എഫെസ്യർ 4:25-32 ൽ, അത്തരം ആറു കാര്യങ്ങളെക്കുറിച്ചു പറയുന്നുണ്ട്. അവ ഏതെല്ലാമെന്നു നമുക്കു നോക്കാം.

**1. ഭോഷ്ക്**

''ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ'' (4:25)

നാം ഭോഷ്ക് (നുണ) ഉപേക്ഷിക്കണം. നുണ പറയുവാൻ നമുക്ക് നമ്മുടേതായ ന്യായീകരണങ്ങൾ ഉണ്ടായിരിക്കാം. ഭോഷ്ക് പറഞ്ഞതുകൊണ്ടു മാത്രം നമുക്കു പലതും നേടുവാൻ കഴിഞ്ഞിട്ടുണ്ടായിരിക്കാം. പക്ഷേ നാം ഭോഷ്ക് പറയുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു. എങ്ങനെ ദു:ഖിക്കാതിരിക്കും? ഭോഷ്ക് പറയുന്നവൻ പിതൃനിഷേധിയും (യോഹ. 8:44), സഹോദരനിഷേധിയും (എഫെ. 4:25) ആണ്. നുണ പറയുന്നവൻ സ്വന്തം അപ്പൻ പിശാചാണെന്നു പ്രസ്താവിക്കുകയാണ് (യോഹ.8:44). കൂട്ടുവിശ്വാസികൾ പരസ്പരം അവയവങ്ങൾ ആയതുകൊണ്ട്, അവർ തമ്മിൽ നുണ പറയരുത് (4:25). അഥവാ, നുണ പറഞ്ഞാൽ, ആരോടാണോ നുണ പറയുന്നത് അയാൾ അദ്ദേഹത്തിന്റെ കൂട്ടുസഹോദരനല്ല എന്നാണ് തെളിയുന്നത്.

സഭ എന്ന ശരീരത്തിന്റെ അവയവങ്ങളാണ് നാം. അവയവങ്ങൾ പരസ്പരം നുണ പറയാൻ തുടങ്ങിയാൽ ദോഷം ശരീരത്തിനാണ്. വഴിയിൽ മുള്ള് കിടക്കുന്നതു കണ്ടിട്ട് കണ്ണ് കാലിനോട് ഭോഷ്ക് പറഞ്ഞാൽ, മദമിളകിയ ആന ചിന്നം വിളിക്കുന്ന ശബ്ദം പുറകിൽനിന്നു കേട്ടിട്ട് ചെവി കാലിനോടും കയ്യിനോടും നുണ പറഞ്ഞാൽ.... ദോഷം ശരീരത്തിനാണ്. മൊത്തം അവയവങ്ങൾക്കും ദോഷം വന്നുഭവിക്കും. ഇന്നു ക്രൈസ്തവസഭയ്ക്കു വന്നു ഭവിച്ചിട്ടുള്ളതും ഇതു തന്നെയാണ്. അവയവങ്ങൾ പരസ്പരം നുണ പറഞ്ഞിട്ടുള്ളതു നിമിത്തം സഭ ഇന്നു രോഗാതുരമായ ശരീരം പോലെയായിരിക്കുന്നു. സഭയുടെ അകത്ത് ഗ്രൂപ്പുണ്ടാക്കുകയും, ആ ഗ്രൂപ്പിന്റെ വിജയത്തിനുവേണ്ടി നുണകൾ പറയുകയും ചെയ്തതു നിമിത്തം എത്രയോ പ്രാദേശിക സഭാകൂടിവരവുകൾ തകർന്നു പോയിരിക്കുന്നു!

നാം കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞുപോയിട്ടുള്ള നുണകൾക്ക് ദൈവമുമ്പാകെ ക്ഷമ ചോദിക്കുക. (1) പിതൃത്വത്തെ നിഷേധിച്ചതിന്, (2) സഹോദരന്മാരെ നിഷേധിച്ചതിന്, (3) സഭയ്ക്ക് ദോഷം വരുത്തിയതിന്, (4) പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചതിന്.... എല്ലാ വിധ നുണകളും പരിപൂർണ്ണമായും ഉപേക്ഷിക്കാൻ നാം ബോധപൂർവ്വം ശ്രമിക്കുക.

**2. കോപം**

‘‘കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്. പിശാചിന് ഇടം കൊടുക്കരുത്’’ (4:26,27)

കോപിക്കരുത് എന്നു ഇവിടെ പറയുന്നില്ല. കോപിക്കാം; എന്നാൽ പാപം ചെയ്യരുത് എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. കോപിക്കേണ്ടിടത്ത് കോപിക്കുക തന്നെ വേണം. പക്ഷേ പാപം ചെയ്യാതെ നോക്കണം. കോപം വന്നാൽ വായിൽനിന്നു വരുന്ന വാക്കുകൾ, ചെയ്യുന്ന പ്രവൃത്തികൾ ഇതൊന്നും പാപ

ത്തിനു കാരണമാകരുത്. പാപം ചെയ്ത തന്റെ മക്കളോട് അപ്പനായ ഏലി ശാന്തതയോടെ ഇടപെട്ടതിനു കനത്ത ശിക്ഷയാണ് ഏലിക്ക് അനുഭവിക്കേണ്ടി വന്നത്. (1 ശമുവേൽ 3:13). പാപം ചെയ്യാതെ കോപിക്കാൻ നാം പരിശീലിക്കേണ്ടിയിരിക്കുന്നു, പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

**3. കളവ്**

''കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന് കൈകൊണ്ടു നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്'' (4:28)

സുവിശേഷം കേട്ട് ചില കള്ളന്മാർ മാനസാന്തരപ്പെട്ടു എന്നു കരുതാം. അവർക്ക് ആകെക്കൂടി അറിയുന്ന തൊഴിൽ കളവ് മാത്രമാണ്. എന്നാൽ ആ തൊഴിൽ അവർ നിറുത്തുകയും കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കുകയും വേണം. നമുക്ക് അർഹിക്കാത്തത് വക്രമാർഗ്ഗത്തിലൂടെ നേടുന്നത് കളവാണ്. നാം അദ്ധ്വാനിക്കാതെ മടിപിടിച്ച് ഇരിക്കുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു. അദ്ധ്വാനിക്കുന്നവനെയാണ് ദൈവം പല ശുശ്രൂഷകൾ ഏൽപിച്ചിട്ടുള്ളത്. മോശെ, ദാവീദ്, ഗിദെയോൻ, ആമോസ്, യാക്കോബ്, പത്രൊസ്, യോഹന്നാൻ എന്നു തുടങ്ങി നിരവധി പേരെ ദൈവം വിളിച്ചിട്ടുള്ളത് അവർ ജോലിയിൽ മുഴുകിയിരിക്കുമ്പോഴാണ്.

**4. ആകാത്ത സംസാരം**

''കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യം പോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്'' (4:29)

**5. സകല ദുർഗ്ഗുണങ്ങൾ**

''എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ'' (4:31)

കൂറ്റാരം എന്നു വച്ചാൽ, ദേഷ്യത്തോടെ ഉറക്കെ സംസാരിക്കുന്നതാണ്. ശബ്ദമുയർത്തി വഴക്കിടുന്നതും വാദിക്കുന്നതും ആണ് കൂറ്റാരം.

**6. ക്ഷമിക്കാതിരിക്കുന്നത്**

''നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുള്ളവരുമായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ'' (4:32)

മുകളിൽ പറഞ്ഞിട്ടുള്ള ആറു കാര്യങ്ങൾ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നവയാണ്. യെശയ്യാവ് 63:10 ലെ മുന്നറിയിപ്പ് ശ്രദ്ധിക്കുക. പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചാൽ ദൈവം തന്നെ നമ്മുടെ ശത്രുവായിത്തീരും.

**(തുടരും)**

# യോവേൽ

## (പുസ്തകപഠനം)

22

### എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 3:7**

**"എന്നാൽ നിങ്ങൾ അവരെ വിറ്റുകളഞ്ഞിടത്തുനിന്നു ഞാൻ അവരെ ഉണർത്തുകയും നിങ്ങളുടെ പ്രവൃത്തി നിങ്ങളുടെ തലമേൽ തന്നേ വരുത്തുകയും ചെയ്യും"**

ഈ പ്രവചനഭാഗങ്ങൾ പൂർണ്ണമായും നിറവേറിയിട്ടില്ലായിരിക്കാം. എങ്കിലും ഇതു പല ഘട്ടങ്ങളിലായി നിറവേറിക്കൊണ്ടിരിക്കയാണ്. യോവേലിന്റെ ഈ പ്രവചനം കേട്ടാൽ, ചിതറിച്ചുകളഞ്ഞവർ (ശത്രുക്കൾ) യോവേലിനോട് പറയും, ഇത് അസാധ്യമാണ് എന്ന്. അതുപോലെത്തന്നെ ചിതറിച്ചുകളയപ്പെട്ടവർ (യിസ്രായേൽമക്കൾ) യോവേലിനോടു പറയും, ഇത് അസാധ്യമാണ് എന്ന്. പക്ഷേ യോവേൽ ധൈര്യമായി എഴുതി. പ്രവചിച്ചു. അതു സംഭവിക്കുകയും ചെയ്തു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിച്ചുകളയപ്പെട്ട യെഹൂദന്മാർ 1948 മെയ് 14-ാം തീയതി ഒരു രാഷ്ട്രമായി മാറി. അതുവരെ അസാധ്യമെന്നും അസംഭവനീയം എന്നും ഒക്കെ വിലയിരുത്തപ്പെട്ട കാര്യമാണ് യാഥാർത്ഥ്യമായിത്തീർന്നത്. തുടർന്നു ചുറ്റുമുള്ള അറബ്‌രാഷ്ട്രങ്ങൾ യിസ്രായേലിനോടു തുടർച്ചയായി യുദ്ധം ചെയ്തു. ലോകഭൂപടത്തിൽ യിസ്രായേലിനെ കണ്ടുപിടിക്കാൻ അല്പം ബുദ്ധിമുട്ടും. എന്നാൽ അറബ് രാഷ്ട്രങ്ങളെ കണ്ടുപിടിക്കാൻ അത്രത്തോളം ബുദ്ധിമുട്ടുണ്ടാവില്ല. കാരണം അവ താരതമ്യേന വലിപ്പം കൂടിയവയാണ്. ഈ വലിയ രാജ്യങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് കൊച്ചുരാജ്യമായ, പുതിയരാജ്യമായ യിസ്രായേലിനോട് യുദ്ധം ചെയ്തു. തോൽക്കുകയും ചെയ്തു! യിസ്രായേലിന്റെ വലിപ്പം കേരളത്തിന്റെ വലിപ്പവുമായി താരതമ്യം ചെയ്തിരിക്കുന്നത് നോക്കുക.

| യിസ്രായേൽ | കേരളം |
|---|---|
| ഒരു രാഷ്ട്രം<br>22145 ചതുരശ്രകിലോമീറ്റർ വിസ്തൃതി | ഇന്ത്യ എന്ന രാഷ്ട്രത്തിലെ ഒരു കൊച്ചു സംസ്ഥാനം<br>38863 ചതുരശ്രകിലോമീറ്റർ വിസ്തൃതി |

നമ്മുടെ കേരളത്തേക്കാൾ ചെറുതാണ് യിസ്രായേൽ എന്ന രാഷ്ട്രം! യിസ്രായേലും അതിന്റെ പകുതി കൂടി ചേർന്നാലും കേരളത്തിന്റെ അത്രത്തോളം എത്തുകയില്ല. അത്രയും കൊച്ചുരാജ്യമാണ് യിസ്രായേൽ! 1948 മെയ് 14-ാം തീയതി രൂപം കൊണ്ട യിസ്രായേലിനെ, അവർ ഒന്നു നിലയുറപ്പിക്കുന്നതിനു മുമ്പ് - കൃത്യമായി പറഞ്ഞാൽ തൊട്ടടുത്ത ദിവസം - ഈജിപ്ത്, ഇറാഖ് തുടങ്ങിയ അറബ് രാഷ്ട്രങ്ങൾ ആക്രമിച്ചു. ഇതിൽ ഈജിപ്തിന്റെ മാത്രം വിസ്തൃതി പത്തുലക്ഷത്തിലധികം ചതുരശ്രകിലോമീറ്റർ ആണെന്നു നാം ഓർക്കുക. എന്നിട്ടും ആ യുദ്ധത്തിൽ അറബ് രാഷ്ട്രങ്ങൾ തോറ്റു നാണം കെട്ടു. ലോകത്തെ അമ്പരിപ്പിച്ച വിജയമായിരുന്നു അത്.

1967 ലെ അറബ്-യിസ്രായേൽ യുദ്ധവും ലോകത്തെ വിസ്മയത്തുരുത്തിലാക്കി. യിസ്രായേലിനെ ഈ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റും എന്നു പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് ഈജിപ്ത്, ഇറാഖ് തുടങ്ങിയ രാജ്യങ്ങൾ വീണ്ടും രംഗത്തെത്തി. വെല്ലുവിളികളും സന്നാഹങ്ങളുമായി അറബ് രാഷ്ട്രങ്ങൾ യിസ്രായേലിനെ വിറപ്പിക്കാൻ നോക്കിക്കൊണ്ടിരിക്കവെ, അവരെ ഞെട്ടിച്ചുകൊണ്ട് യിസ്രായേൽ അങ്ങോട്ട് ആദ്യം ആക്രമിച്ചു. വെറും ആറു ദിവസം കൊണ്ട് യുദ്ധം തീർന്നു. ആറുദിനയുദ്ധം (six- day war) എന്നു ഈ യുദ്ധം ചരിത്രത്തിൽ അറിയപ്പെടുന്നു.

1973 ൽ നടന്ന അറബ്-യിസ്രായേൽയുദ്ധം യോം കിപ്പൂർ യുദ്ധം (Yom-Kippur War) എന്നറിയപ്പെടുന്നു. യോം കിപ്പൂർ എന്ന പ്രായശ്ചിത്തദിനത്തിലായിരുന്നു യുദ്ധം. ഈജിപ്ത് തന്നെയായിരുന്നു ഇവിടെയും മുൻനിരയിൽ നിന്നത്. അപ്രതീക്ഷിതമായി ആക്രമിച്ച ഇവർ യിസ്രായേലിന്റെ അതിർത്തിക്കുള്ളിലേക്ക് ഇരച്ചുകയറിയെങ്കിലും, യിസ്രായേലിന്റെ പ്രത്യാക്രമണത്തിൽ അടി പതറി. 1973 ഒക്ടോബർ 6 നു തുടങ്ങിയ യുദ്ധം അതേ മാസം 24 നു അവസാനിച്ചു.

യിസ്രായേൽ അജയ്യരായി തുടരുന്നു. ശത്രുക്കൾ വലിയവരായിരുന്നു. കേരളത്തേക്കാൾ ചെറിയ യിസ്രായേലിനെ തൊടാൻ ഈ വമ്പന്മാരായ രാജ്യങ്ങൾക്കായില്ല. എന്നു മാത്രമല്ല, യിസ്രായേൽ അവർക്കു കനത്ത പ്രഹരം ഏൽപ്പിക്കുകയും ചെയ്തു. യെഹൂദാ എന്ന ബാലസിംഹവും, യിസ്സാഖാർ എന്ന അസ്ഥിബലമുള്ള കഴുതയും, ദാൻ എന്ന വഴിയിലെ പാമ്പും, ബെന്യാമീൻ എന്ന കടിച്ചുകീറുന്ന ചെന്നായയും ഒരുമിച്ചു നിന്നു (ഉല്പത്തി 49). യിസ്രായേലിന്റെ പാറയായ ഇടയൻ (ഉല്പത്തി 49:24) അവർക്കു തുണ നിന്നു. ശക്തരായ ശത്രുക്കൾ ചിതറി.

വിറ്റുകളഞ്ഞിടത്തുനിന്നും തന്റെ ജനത്തെ ഉണർത്തുകയും ഒരുമിച്ചു കൂട്ടുകയും ചെയ്ത ദൈവം എത്ര വലിയവൻ!

**(തുടരും)**

# ഒരു വെടിക്ക് പല പക്ഷികൾ

ചെറുകഥ

-എംവിഎസ്-

രാത്രി പതിനൊന്നുമണി. ബെഞ്ചമിൻ ലൈറ്റ് അണച്ച് കിടക്കയിലേക്ക് മറിഞ്ഞു. ഒറ്റത്തടിയാണ്. കല്യാണം കഴിച്ചിട്ടില്ല.

നല്ലൊരു ഗവൺമെന്റ് ജോലിയും കൊറോണയെയും തന്ന ദൈവത്തിനു സ്തോത്രം!

അറിയാതെ ബെഞ്ചമിൻ പറഞ്ഞുപോയി. ഭാഗ്യം ആരും കേട്ടില്ല. വാസ്തവമാണ് പറഞ്ഞത് എന്നു ബെഞ്ചമിൻ ആശ്വസിച്ചു.

ഇന്ന് ഞായറാഴ്ചയായിരുന്നു. ഈ കൊറോണ വന്നില്ലായിരുന്നുവെങ്കിൽ ഇന്നത്തെ ദിവസം നിന്നുതിരിയാൻ നേരമുണ്ടാവുമായിരുന്നില്ല.

രാവിലെ 10 മണിക്ക് തന്നെ സഭായോഗത്തിന് എത്തണം. 10-30 തിന് എത്തുന്നതിന് മൂപ്പന്റെ ശകാരവും ഉപദേശവും കേൾക്കണം. അര മണിക്കൂർ വൈകി ചെല്ലുന്നത് മന:പ്പൂർവ്വമാണ്. അത്രേം നേരം കുറച്ച് ഇരുന്നാൽ മതിയല്ലോ.

സഭായോഗം എന്നു വച്ചാൽ ഇത്രയധികം ബോറടി പരിപാടി വേറെയില്ല. അതിൽത്തന്നെ വചനശുശ്രൂഷ എന്നു പറഞ്ഞിട്ട് ഒരു ഐറ്റമുണ്ട്... ഹെന്റെ പൊന്നോ... ഉറങ്ങിവീഴാതിരിക്കാൻ പെടുന്ന പാട്!

പിന്നെ കർത്തൃമേശ... അയോഗ്യമായി പങ്കെടുക്കുന്നവർ ശിക്ഷായോഗ്യരായിത്തീരുമെന്നും മരണം വരെ സംഭവിച്ചേക്കാമെന്നും ഉള്ള ഭീഷണി മുഴക്കിയിട്ടാണ് കർത്തൃമേശയിൽ പങ്കെടുപ്പിക്കുന്നത്.

മിക്ക ഞായറാഴ്ച കഴിഞ്ഞാലും ഒരു പനി, അല്ലെങ്കിൽ ഒരു ഛർദ്ദി, അല്ലെങ്കിൽ ഒരു വയറിളക്കം ബെഞ്ചമിന് പതിവാണ്. ഞായറാഴ്ചയിലെ സഭാഹാളിലെ ഭക്ഷണം പിടിക്കാതെയാണെന്നാണ് കൂട്ടുകാർ പറയുന്നത്.

കർത്തൃമേശയിൽ അയോഗ്യമായി പങ്കെടുക്കുന്നതുകൊണ്ടാണോ എന്നു സ്വയം പരിശോധിക്കണം എന്നാണ് മൂപ്പൻ പറഞ്ഞത്.

ഭാഗ്യം. ഇപ്പോൾ കർത്തൃമേശയില്ല. പനിയുമില്ല, വയറിളക്കവുമില്ല, ഛർദ്ദിയുമില്ല.

പിന്നെ സ്തോത്രക്കാഴ്ച... ഗവൺമെന്റുജോലി ആയതുകൊണ്ട്, കിട്ടുന്ന ശമ്പളത്തിന്റെ ദശാംശത്തിലധികം ഇടണമത്രേ. ദശാംശം ഇടുക എന്നൊരു കല്പന പുതിയനിയമത്തിൽ ഇല്ലെന്നും അതിൽ കൂടുതൽ ഇടണമെന്നും മൂപ്പൻ ഇടയ്ക്കിടെ പ്രസംഗിക്കാറുണ്ട്.

മൂപ്പന് അങ്ങനെ പറയുകയേ വേണ്ടൂ.

കൊറോണ വന്നതോടുകൂടി സഭാ

യോഗം എന്ന ബോറൻ പരിപാടി പൂർണ്ണമായും ഒഴിവായി.

ട്രാക്റ്റ് വിതരണം ഒഴിവായി. കോട്ടേജ് മീറ്റിംഗ് ഒഴിവായി. എല്ലാ റ്റിനും കൊറോണയോട് കടപ്പാട്!

സൺഡേസ്കൂളിൽ ക്ലാസ്സെടുക്കണം എന്നു പറഞ്ഞ് മൂപ്പൻ പിന്നാലെ കൂടിയിട്ട് കുറെ നാളായി. അതും ഒഴിവായി.

സൂമാരാധനയാണ് പകരം വന്നത്. അതു പരമസുഖം. കുളിക്കണ്ട. പല്ലു തേയ്ക്കണ്ട. അരയ്ക്കു മുകളിൽ മാത്രം നല്ല വസ്ത്രം മതി. അരയ്ക്കു താഴെ കള്ളിമുണ്ടോ, ബർമൂഡയോ മതി. ഇനി ഒന്നുമില്ലെങ്കിലും കുഴപ്പമില്ല.

വീഡിയോ ഓഫ് ചെയ്ത് സുഖമായി ഇരിക്കാം, കിടക്കാം. ചായ കുടിക്കാം.

മൂപ്പന്റെ ഒരു ചതിപ്രയോഗം മാത്രം സൂക്ഷിച്ചാൽ മതി. മറ്റൊന്നുമല്ല. "ഇപ്പോൾ നാം കേട്ട വചനത്തെ ഓർത്ത് ബെഞ്ചമിൻ സഹോദരൻ പ്രാർത്ഥിക്കുന്നതാണ്" എന്നു മൂപ്പൻ പറയുമ്പോൾ അവിടെയുണ്ടാകണം. ഇല്ലെങ്കിൽ മാനം പോകും.

ഈ കൊറോണ വല്യ ഉപകാരം തന്നെയാണ്. ജോലിക്ക് വല്ലപ്പോഴുമൊക്കെ പോയാൽ മതി. ശമ്പളം കൃത്യമായി എക്കൗണ്ടിൽ കിട്ടും. പണി തുച്ഛം; ശമ്പളം മിച്ചം!

പിന്നെയും ഒരു ഗുണമുണ്ടായി. ചില ബന്ധുക്കളെ അകറ്റിനിർത്താൻ സാധിച്ചു. ഓ... അതു വല്യ ഉപകാരം തന്നെയാണ്.

കൊറോണയെക്കുറിച്ചും യാത്ര ചെയ്താലുള്ള ദോഷങ്ങളെക്കുറിച്ചും അവർക്കു ഫോണിലൂടെ വിശദമായി പറഞ്ഞുകൊടുത്തു.

അത് ക്ലിക്ക് ചെയ്തു. കഴിഞ്ഞ ആറേഴു മാസങ്ങളായി ആരും ഇവിടെ വരാറില്ല. സന്തോഷം. ഫോണിലൂടെയുള്ള ബന്ധങ്ങൾ മാത്രം.

ഫോൺ വിളിക്കുമ്പോൾ അവർ ബെഞ്ചമിനെ നേരിൽ കാണാനുള്ള ആഗ്രഹം പ്രകടിപ്പിക്കും. ഞങ്ങൾ സാനിറ്റൈസർ ഉപയോഗിച്ചുകൊള്ളാം. ഞങ്ങൾ വന്നു പെട്ടെന്നു പൊയ്ക്കോളാം. പക്ഷേ ബെഞ്ചമിൻ സമ്മതിച്ചില്ല.

മണ്ടന്മാരായ ബന്ധുക്കൾ താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിച്ചില്ല എന്നതിൽ ബെഞ്ചമിൻ ആശ്വസിച്ചു.

നിന്റെ കൂട്ടുകാരുടെ അടുത്തേക്ക് നീ പോകുന്നുണ്ടല്ലോ. നിന്റെ കൂട്ടുകാർ നിന്റെ വീട്ടിലേക്ക് വരുന്നുണ്ടല്ലോ. അപ്പോൾ നിനയ്ക്ക് ഈ കൊറോണപ്പേടിയില്ലേ?

നീ ജോലിക്ക് പോകുന്നുണ്ടല്ലോ. അപ്പോൾ നിനയ്ക്ക് ഈ കൊറോണപ്പേടിയില്ലേ?

ഭാഗ്യം! ഇതൊന്നും അവർ ചോദിച്ചില്ല.

കിടക്കയിൽ കിടന്നുകൊണ്ട് ബെഞ്ചമിൻ ഊറിച്ചിരിച്ചു. കൊറോണ എന്ന ഒരു വെടിക്ക് പല പക്ഷികൾ!

സ്വസ്ഥം... സമാധാനം...

ഇങ്ങനെയങ്ങ് പോയാൽ മതി. കൊറോണ നീണാൾ വാഴട്ടെ! ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th May 2021

Posted at
Thrissur RMS

**ആനുകാലികം**

## മദ്യം വാങ്ങാൻ അകലം മറന്നു!

ഓട്ടുപാറയിലെ മദ്യവിൽപ്പനശാലയിലാണ് സംഭവം. കൺസ്യൂമർഫെഡിന്റെ മദ്യവിൽപ്പനശാലയിൽ വൻതിരക്ക് അനുഭവപ്പെട്ടു. സാമൂഹിക അകലം പാലിച്ച് ആരും നിന്നില്ല. പലർക്കും മാസ്കും ഉണ്ടായിരുന്നില്ല. പത്രവാർത്ത നോക്കാം:

> കോവിഡ് വ്യാപനം തടയാൻ നാട്ടിലെങ്ങും മുൻകരുതലുകളും പ്രതിരോധന നടപടികളും കർശനമാക്കുമ്പോൾ ഇതൊന്നും ബാധകമാകാതെ ഓട്ടുപാറയിലെ മദ്യവിൽപനശാല. ഇന്നും നാളെയും മദ്യം കിട്ടില്ല എന്നറിഞ്ഞതോടെ കൺസ്യൂമർഫെഡിന്റെ മദ്യവിൽപനശാലയിൽ ഇന്നലെ വൈകീട്ട് മദ്യം വാങ്ങാനെത്തിയവരുടെ തിക്കും തിരക്കുമായിരുന്നു. സാമൂഹിക അകലം പാലിക്കലൊന്നും അവിടെ നടപ്പായില്ല. വാങ്ങാനെത്തിയവരിൽ പലർക്കും മാസ്കും ഉണ്ടായിരുന്നില്ല. ആളുകളുടെ തിക്കും തിരക്കും നിയന്ത്രിക്കാനോ മാസ്ക് ധരിക്കാത്തവരെ പിടികൂടാനോ പോലീസോ മറ്റു അധികാരികളോ എത്തിയില്ല. മണിക്കൂറുകളോളം ഈ അവസ്ഥ തുടർന്നു. (*മലയാള മനോരമ* 2021 ഏപ്രിൽ 24)

മദ്യം വാങ്ങാനെത്തിയവരുടെ കൂട്ടത്തിൽനിന്നും ഫൈൻ ഈടാക്കാൻ സെക്റ്ററൽ മജിസ്ട്രേറ്റ് ഇല്ല. പോലീസുകാർ ഇല്ല. ആരോഗ്യപ്രവർത്തകർ ഇല്ല. വല്ല ആരാധനാലയങ്ങളോ, കടകളോ, ട്യൂഷൻ സെന്ററുകളോ ആയിരുന്നുവെങ്കിൽ കാണാമായിരുന്നു. മദ്യപാനികളുടെ ഒരു ഭാഗ്യം!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V